10 MAY 2021

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവ്വീസസ്- സംസ്ഥാന ആരോഗ്യവകുപ്പിലെ സ്റ്റാഫ് നഴ്സ് വിഭാഗം തസ്തികകളും അതിനനുസൃമായി ഉയർന്ന തസ്തികകളും പുനർ നാമകരണം ചെയ്ത് ഉത്തരവ് -പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

**സ.ഉ.(കൈ) നം.88/2021/ആ.കു.വ** തീയതി,തിരുവനന്തപുരം, 06/05/2021

---

പരാമർശം:- 1 കേരള ഗവണ്മെന്റ് നഴ്സസ് അസോസിയേഷൻ ജനറൽ സെക്രട്ടറി സമർപ്പിച്ച 13.03.2019 തീയതിയിലെ നിവേദനം

2 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 14.1.2020, 20.01.2021എന്നീ തീയതികളിലെ ഒ & എം 4 -17822/2019/ആ.വ.ഡ നമ്പർ കത്തുകൾ

**ഉത്തരവ്**

കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് കീഴിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും സ്റ്റാഫ് നഴ്സ് തസ്തികകൾ ഇതിനോടകം പുനർനാമകരണം ചെയ്യപ്പെട്ട സാഹചര്യത്തിൽ ഒരു ഏകീകൃത സ്വഭാവം കൈവരുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പിലെയും സ്റ്റാഫ് നഴ്സ് വിഭാഗം തസ്തികകളും ഉയർന്ന തസ്തികകളും അതിനനുസൃതമായി പുനർനാമകരണം ചെയ്യണം എന്നഭ്യർഥിച്ച് കേരള ഗവണ്മെന്റ് നഴ്സസ് അസോസിയേഷൻ പരാമർശം 1 പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ സ്റ്റാഫ് നഴ്സ് / നഴ്സിംഗ് സിസ്റ്റർ വിഭാഗം തസ്തികകൾ 2016-ൽ നഴ്സിംഗ് ഓഫീസർ / സീനിയർ നഴ്സിംഗ് ഓഫീസർ എന്നീ ക്രമത്തിൽ പുനർനാമകരണം ചെയ്യപ്പെട്ടിട്ടുണ്ടെന്നും, തുടർന്ന് തിരുവനന്തപുരം ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്സിലും മേൽ വിവരിച്ച പ്രകാരം തസ്തികകൾ പുനർനാമകരണം ചെയ്യപ്പെട്ട സാഹചര്യത്തിൽ ഒരു ഏകീകൃത സ്വഭാവം കൈവരുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പിലെയും സ്റ്റാഫ് നഴ്സ് വിഭാഗം തസ്തികകളും ഉയർന്ന തസ്തികകളും അതിനനനുസൃതമായി പുനർനാമകരണം ചെയ്യുന്നത് ഉചിതമായിരിക്കുമെന്നും, ഇപ്രകാരം പുനർനാമകരണം ചെയ്യുന്നതു വഴി സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയോ സാങ്കേതിക പ്രശ്നങ്ങളോ ഭരണപരമായ പ്രശ്നങ്ങളോ ഉണ്ടാകുന്നതല്ലെന്നും പരാമർശം 2 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച്, കേന്ദ്ര സർക്കാരിനു കീഴിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും സ്റ്റാഫ് നഴ്സ് / നഴ്സിംഗ് സിസ്റ്റർ തസ്തികകൾ പുനർനാമകരണം ചെയ്തിട്ടുള്ള സാഹചര്യത്തിൽ സർക്കാരിന് ഇപ്പോഴോ ഭാവിയിലോ ഈയിനത്തിൽ അധിക സാമ്പത്തിക ബാധ്യതയോ സാങ്കേതിക പ്രശ്നങ്ങളോ ഭരണപരമായ പ്രശ്നങ്ങളോ ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ, സംസ്ഥാന ആരോഗ്യവകുപ്പിലെ സ്റ്റാഫ് നഴ്സ് വിഭാഗം തസ്തികകളും അതിനോടനുബന്ധിച്ച നഴ്സിംഗ് വിഭാഗത്തിലെ ഉയർന്ന തസ്തികകളും താഴെ പറയും പ്രകാരം

പുനർനാമകരണം ചെയ്ത്  ഉത്തരവ് പുറപ്പെടുവിക്കുന്നു

| ക്രമ നം | നിലവിലെ നഴ്സിംഗ് വിഭാഗത്തിലെ തസ്തികനാമം | നഴ്സിംഗ് വിഭാഗത്തിലെ പുനർനാമകരണംചെയ്ത തസ്തികനാമം |
|---|---|---|
| 1 | സ്റ്റാഫ് നഴ്സ് ഗ്രേഡ് - 2 | നേഴ്സിംഗ് ഓഫീസർ |
| 2 | സ്റ്റാഫ് നഴ്സ് ഗ്രേഡ് - 1 | നേഴ്സിംഗ് ഓഫീസർ ഗ്രേഡ് - 1 |
| 3 | ഹെഡ് നേഴ്സ് | സീനിയർ നേഴ്സിംഗ് ഓഫീസർ |
| 4 | നേഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് - 2 | ഡെപ്യൂട്ടി നേഴ്സിംഗ് സൂപ്രണ്ട് |
| 5 | നേഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് - 1 | നേഴ്സിംഗ് സൂപ്രണ്ട് |
| 6 | നേഴ്സിംഗ് ഓഫീസർ | ചീഫ് നഴ്സിംഗ് ഓഫീസർ |
| 7 | അസിസ്റ്റന്റ് ഡയറക്ടർ നഴ്സിംഗ് സർവ്വീസ്/ ജില്ലാ നേഴ്സിംഗ് ഓഫീസർ | മാറ്റമില്ല |
| 8 | ഡെപ്യൂട്ടി ഡയറക്ടർ (നേഴ്സിംഗ്) | മാറ്റമില്ല |
| 9 | അഡീഷണൽ ഡയറക്ടർ (നേഴ്സിംഗ്) | മാറ്റമില്ല |

മേൽ തസ്തികകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച വിശേഷാൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള ശിപാർശ ആരോഗ്യ വകുപ്പ ഡയറക്ടർ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K NANDA KUMAR
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്)  കേരള

ധനകാര്യ വകുപ്പ് ( 18.03.2021 ലെ 1691159/HLT-B1/8/2021-Fin പ്രകാരം)

വിവരവും പൊതുജന സമ്പർക്കവും വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

മേലെഴുത്ത് നം. O&M4-17822/2019/ആ.വ.ഡ തീയതി 17/5/2021 ഉത്തരവിൻ പ്രകാരം

ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി കൈമാറുന്നു

സെക്ഷൻ ഓഫീസർ

ആരോഗ്യവകുപ്പു ഡയറക്ടർക്കുവേണ്ടി

സ്വീകർത്താക്കൾ- എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും